# സൗമ്യാരുണമായ കാവ്യദീപ്തി

ഡോ. കെ. ജി. പൗലോസ്

പുസ്തകത്തിലൊളിച്ചുവെച്ച മയിൽപ്പീലി ഇടയ്ക്കിടെ ആരും കാണാതെ തുറന്നുനോക്കി കോൾമയിർ കൊള്ളുന്ന ബാലന്റെ മനസ്സാണ് ശ്രീ. സി. എ. വാരിയരുടേത്. നിർവൃതിയുടെ അത്തരം മുഹൂർത്തങ്ങളിൽ തുളുമ്പുന്ന ആത്മഹർഷമാണ് അദ്ദേഹത്തിന് കവിത. വല്ലപ്പോഴുമേ അതുണ്ടാകൂ. അനേകം ആട്ടക്കഥകൾ അദ്ദേഹം രചിച്ചിട്ടുണ്ട്. നിത്യസ്മരണീയനായ പി. എസ്. വാരിയരുടെ ജീവചരിത്രവും ഡയറിക്കുറിപ്പുകളും ശ്രദ്ധയോടെ തയ്യാറാക്കിയിട്ടുണ്ട്. അവിടങ്ങളിലൊക്കെ രചനകളെ അനിവാര്യമാക്കിയ സാഹചര്യങ്ങളുണ്ടായിരുന്നു, ചിലരുടെ നിർബന്ധം, സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകത എന്നിങ്ങനെ. സരസ്വതിയുടെ കാര്യത്തിൽ അത്തരം അനിവാര്യതകൾ ദുർലഭമായിരുന്നെന്നുവേണം കരുതാൻ. അതായിരിക്കും ദീർഘമായ ഈ കാലഘട്ടത്തിൽ വളരെ കുറച്ചു കവിതകളേ അദ്ദേഹത്തിൽനിന്ന് നമുക്ക് കിട്ടിയിട്ടുള്ളൂ എന്നതിന്റെ കാരണം. അധികകാലവും അദ്ദേഹം കഴിയുന്നത് മൗനത്തിൻപുറ്റിനുള്ളിലാണ്.

ഈ മൗനം, പക്ഷേ, വാചാലമാണ്. നുറുങ്ങ് എന്നു പറയാവുന്ന ഒരു ചെറുകവിതയുണ്ടീ സമാഹാരത്തിൽ – പ്രതീക്ഷയുടെ വാതിൽ. ഒരു പഥികൻ. ദൂരെയെവിടെ നിന്നോ ആണ് വരുന്നത്. ഗ്രാമത്തിലെ സൗമ്യമൂകമായൊരു വിടിനുമുൻപിലദ്ദേഹമെത്തി. പരിചിതമാണങ്ങാപ്പരിസരം. മാറ്റമൊന്നുമില്ല പഴയ വീടിന്. പുറത്താരേയും കണ്ടില്ല. ഒച്ചയനക്കി. പരിചിതഭാവത്തിൽ ഒരു സ്ത്രീ അകത്തേയ്ക്ക് ക്ഷണിച്ചു. 'വാതിൽ ചാരിയിട്ടേയുള്ളൂ. അടയ്ക്കാറില്ല. തള്ളിത്തുറന്ന് എപ്പോഴും അകത്ത് വരുമൊരാൾ എന്നവർ കാത്തിരുന്നു. വരും മുൻപേ അവർ പോയി, രണ്ടുമാസമായി.' പ്രതീക്ഷയറ്റു. ജഡംപോലെ അനങ്ങാതായി. അവർ പറഞ്ഞു 'ഒരു കുറിപ്പുണ്ട്, അവർ ഏല്പിച്ചതാണ്. കൈവിറയോടെ കടലാസ്സിൽ കണ്ണോടിച്ചു'. 'വരുമെന്നെനിക്കറിയാം. കാത്തിരുന്നു. ഇപ്പോൾ പോകാറായി. മെച്ചമായൊരു ജന്മമുണ്ടെന്നാൽ അപ്പോൾ കാണാം'.

അവസാനവരി വായിക്കുംവരെ ഞാനോർത്തു – പഥികന്റെ കണ്ണുകൾ നനയും, തേങ്ങലുകൾ ഉയരും. ഒന്നുമുണ്ടായതായി കവി വർണിച്ചിട്ടില്ല. ആരാണീ കുറിപ്പെഴുതിയ 'അവർ?' വാതിൽ

തുറന്നവൾ തോഴിയോ പരിചാരികയോ ആവാം. കാത്തിരുന്നവൾ? കളിത്തോഴി ആയിരുന്നോ? തമ്മിൽ പ്രണയത്തിലായിരുന്നോ? എന്തേ ഈ ജന്മത്തിലവർക്ക് യോജിക്കാൻ കഴിയാഞ്ഞത്? ജാതി വേറെയായിരുന്നോ? വീട്ടുകാർ എതിർത്തോ? ഗത്യന്തരമില്ലാതെ പഥികനവിടം വിട്ടുപോകേണ്ടിവന്നതാണോ? ഈ ജന്മത്തിലില്ലാത്ത എന്താണ് അടുത്ത ജന്മത്തിലവർ പ്രതീക്ഷിക്കുന്നത്? ഒരു തുള്ളിയിൽ ഒരു കടലിനെ ഒതുക്കുകയാണ് കവി. കടലിരമ്പം നമുക്ക് കേൾക്കാം. ഹൃദയങ്ങളിൽനിന്ന് ആർത്തലച്ചെത്തുന്നതാണ് മൗനമുദ്രിതമായ ഈ ഇരമ്പം. സി. എ. വാരിയർ എന്ന കവിയുടെ കൈയ്യടക്കം ഇതാണ്, ഇതാണ് അദ്ദേഹത്തിന്റെ രചനാകൗശലം.

ഈ ഇരമ്പം പലരിലും പല തരത്തിലാണ്. പൂതന നമുക്കൊരു ദുഷ്ടകഥാപാത്രമാണ്. കംസന്റെ ദുശ്ശാസനങ്ങൾ നടപ്പാക്കാൻ അമ്പാടിയിലെ ശിശുക്കുകളെ കൊന്നൊടുക്കുന്നവൾ. പക്ഷേ, പൂതനയിവിടെ (സദ്ഗതി) ദുഷ്ടയല്ല, അമ്മയാണ്. കണ്ണന്റെ പൂമേനി മെയ്യെക്കോരിയെടുക്കുമ്പോൾ അവളിൽ മാതൃവാത്സല്യം നിറഞ്ഞുവഴിയുന്നു. അവനെ മുലയൂട്ടുമ്പോൾ അവൾ അമ്മയായി മാറുന്നു. മാതൃത്വത്തിന്റെ ആനന്ദപൂർണമായ വേളയിൽ കണ്ണനിലലിയാനവൾ വെമ്പുന്നു. അവളുടെ ഹൃദയത്തിലെ കടലിരമ്പം കേൾക്കാതെ നാമവളെ വീണ്ടും പാപിയെന്നെണ്ണുന്നു; പൂതമാനസയായി അവൾ മാറിയെന്ന് നാം അറിയുന്നില്ല.

സി. എ. വാരിയരുടെ ചൈതന്യത്തിന്റെ സ്രോതസ്സ് മനസ്സിൽ തുള്ളിക്കളിക്കുന്ന കാർവർണനാണ് 'പീലിത്തുണ്ടുകൾ' എന്ന് ഇതിനുമുൻപൊരു സമാഹാരത്തിന് പേരിട്ടതുകൊണ്ടാണ്. ആ ഗോപകിശോരന്റെ പാൽപ്പുഞ്ചിരിയുടെ നിലാവൊളിയിൽ ആത്മസമർപ്പണം ചെയ്യുന്നു കവി. ഈ സമാഹാരത്തിലെ പല കവിതകളിലും ഒളിവിതറുന്നത് ആ പുഞ്ചിരിയാണ്. സമർപ്പണം, കുചേലന്റെ പ്രാർത്ഥന, കൃഷ്ണഹരേ എന്നീ കവിതകൾ ആ ഭാവത്തെ ഉന്മീലനം ചെയ്യുന്നുണ്ട് ആ ലീലാമാനുഷന്റെ വൈഭവത്തിൽ തികച്ചും വ്യാമുഗ്ദ്ധനായിരുന്നു കവി. ഭക്തി ആരാധനയായും ഭജനമായും സംസാരസന്തരണസേതുവായും മാറുന്നു കവിമനസ്സിൽ. ഈ ഭാവം ഈശ്വരനോടുമാത്രമുള്ളതല്ല. അതേ അളവിലദ്ദേഹം സ്നേഹിക്കുന്നു ചുറ്റുമുള്ളവരെ. സഹധർമ്മിണിയാക്കിയ സഖിയോടൊത്തു കവി ശ്യാമചൈതന്യത്തിന്റെ മുമ്പിൽ ആത്മസമർപ്പണം ചെയ്ത് നിർവൃതിയടഞ്ഞു. കാലത്തിന്റെ തിരക്കോളിൽ പത്നി പോയ്മറഞ്ഞപ്പോൾ ആർത്തനായ് കവി എത്തിയത് തിരുസന്നിധിയിൽത്തന്നെ. ദേവനോടുള്ള ഭക്തി അമ്മയോടുമുണ്ട് - സ്നേഹോജ്ജ്വലമായ ജ്യോതിസ്സാണ് അമ്മ. മുത്തശ്ശിയോടുള്ള ആരാധനയ്ക്കാണ് ഈ കൃതിക്ക് അജ്ഞാത സുകൃതികൾ എന്നു പേരിട്ടിരിക്കുന്നതുതന്നെ. കഴകപ്രവൃത്തിയിൽ അർപ്പിതമനസ്സായ് കഴിഞ്ഞ ആ സ്വാധിയെ ഓർത്തുകൊണ്ടാണ് കവിത തുടങ്ങുന്നത്. മാലകെട്ടലും നാമം ചൊല്ലലുമായി കാലം കഴിച്ച മുത്തശ്ശി. പൂക്കൊട്ടയിൽ തുളസിയും തെച്ചിപ്പൂവും നിറച്ച് ദർഭപ്പുല്ലൊരുക്കി ചുറ്റുവിളക്കു തെളിയിക്കുന്ന സാധ്വി. ഇമ്മട്ടിൽ നിസ്വാർത്ഥം കുലധർമ്മം ചെയ്ത് സായൂജ്യം നേടിയ

അജ്ഞാതസുകൃതികൾ വച്ചുപോയ പൂപ്പാലികകളാണ് നമ്മുടെ വഴികളിൽ സുഗന്ധം നിറയ്ക്കുന്നത്.

ഈ സമാഹാരത്തിലെ എടുത്തുപറയേണ്ട ഒരു കവിതയാണ് കാടാമ്പുഴയെപ്പറ്റിയുള്ളത്. 'കാടും പുഴയുമില്ല, പിന്നെ കാടാമ്പുഴ ആയതെങ്ങനെ?' എന്ന സുഹൃത്തിന്റെ കുസൃതിചോദ്യമാണ് താൻ ജനിച്ചുവളർന്ന പരിസരത്തെപ്പറ്റിയുള്ള ചിന്ത കവിയിലുണർത്തിയത്. തന്റെ ഗ്രാമം. കാട്ടിനുള്ളിലെ തെളിനീർക്കുളം, മന്ത്രം ചൊല്ലുന്ന മാമരങ്ങൾ, നാമം ജപിക്കുന്ന വള്ളിപ്പടർപ്പുകൾ – എല്ലാം ഓർമ്മകൾ മാത്രം. കാടും പുഴയുമില്ലാതെ കാടാമ്പുഴ വളർന്നു! വരണ്ട വയൽ, വറ്റിയ തോട്, വാടിയ മുഖങ്ങൾ. കുന്നിന്നാർദ്രത തുരന്നൂറ്റിയെടുത്തപ്പോൾ ഊറ്റുചോലകൾ മണ്ണിൽ മറഞ്ഞുപോയി. നഷ്ടസൗഭാഗ്യങ്ങളുടെ സ്മൃതിയാണ് ഈ കവിത. ഒപ്പം ഉൾനാടൻമനസ്സിന്റെ സുതാര്യതയും അതൊപ്പിയെടുക്കുന്നു. ഐശ്വര്യക്കതിരായ് തെളിനീർച്ചോലകൾ ഉറവെടുക്കട്ടെ എന്നാണ് കേരളത്തിലെ ഏതു ഗ്രാമവുംപോലെ കാടാമ്പുഴയും ആഗ്രഹിക്കുന്നത്.

തനിക്ക് അടുത്തറിയാവുന്ന മഹാന്മാരുടെ സുന്ദരമായ സ്മൃതിചിത്രങ്ങൾ ഈ സമാഹാരത്തിൽ കവി കോറിയിട്ടിട്ടുണ്ട്. മനോരമത്തമ്പുരാട്ടി, കുഞ്ഞുക്കുട്ടൻ തമ്പുരാൻ, വൈദ്യരത്നം പി. എസ്. വാരിയർ, കവികുലഗുരു പി. വി. കൃഷ്ണവാരിയർ തുടങ്ങിയ കോട്ടയ്ക്കലെ പ്രാതഃസ്മരണീയർ ഇക്കൂട്ടത്തിൽപ്പെടും. നമ്മോടൊപ്പമുള്ള അമൃതവാക്കാൽ ചികിത്സിക്കുന്ന ശ്രീ പി. കെ. വാരിയരെപ്പറ്റിയുമുണ്ട് മനോഹരമായൊരു തൂലികാചിത്രം. നിലാവിന്റെ നിറമാണ് അക്കിത്തത്തിന് കവിമനസ്സിൽ; കൂരിരുട്ടിനെ കീറീടും വാക്കിന്റെ വെളിച്ചമാണ് എം. എൻ. വിജയന്; വാക്കുകൾകൊണ്ട് യശസ്സ് പിടിച്ചടക്കീ അഴീക്കോട്. ഹൃദ്യവും മധുരവുമാണ് ഈ നഖചിത്രങ്ങൾ.

കവിമനസ്സിലെ കുസൃതി വെളിവാക്കുന്ന കാർട്ടൂൺ കവിതകളുമുണ്ടിക്കൂട്ടത്തിൽ. പാഠഭേദം ഉദാഹരണം.

> സമത്വത്തിൽ പാഠമിപ്പോൾ
> ഭൂമിശാസ്ത്രത്തിലാകയാൽ
> കുന്നിടിച്ചുനിരപ്പാക്കി –
> ക്കുണ്ടൊക്കെയും നികത്തി നാം.

നൂറു തികഞ്ഞവരെ ആദരിക്കുന്ന രീതിയെപ്പറ്റിയുമുണ്ട് കുത്തിത്തുളയ്ക്കുന്നപോലൊരു കവിത. അഭ്യർത്ഥനയിതാണ് – വൃദ്ധരോട് അനുകമ്പയെങ്കിലും ഉണ്ടാകുക, മർത്ത്യസഞ്ചിതസംസ്കാരത്തെളിവെട്ടം അങ്ങനെ തെളിയട്ടെ. രോഷം മുഴുവൻ ഈ ദീർഘസമാസത്തിലൊതുക്കിയിരിക്കുന്നു കവി.

ഔപനിഷദമായൊരാത്മസംതൃപ്തിയോടെയാണ് കവി നിർത്തുന്നത്. സായന്തനമായി, നിഴലുകൾ നീളുന്നു. ഈ രഥം ഓരം ചേർത്തുനിർത്തുന്നത് നന്ന്; സൗമ്യാരുണമായി ചായുന്ന കതിരവരശ്മികൾ രചിക്കുന്ന മായികജാലം, ഇനി ജാലകത്തിലൂടെ നോക്കിക്കാണാം. ഈ വഴിയോരത്ത് നിഴലായി നിനവായി രഥം ലയിക്കുവോളം കാഴ്ചകൾ കണ്ടിരിക്കാം.

ജീവിതയാത്രയെ രഥയാനത്തോടുപമിക്കുന്ന ദാർശനികമായ ഉദാത്തതലങ്ങളിലേയ്ക്ക് ഉയരുന്നുണ്ട്, ഈ കവിത.

ഓഫീസ് ജോലികൾ ഏൽക്കുംമുൻപേ സി. എ. വാരിയർ അദ്ധ്യാപകനായിരുന്നു. ഒരിക്കൽ ഒരാശുപത്രിയിൽവെച്ച് പഴയ ഒരു വിദ്യാർത്ഥിനിയെ കണ്ടു. അവരവിടെ നേഴ്സ് ആണ്. ആദരവോടെ കുട്ടി അദ്ധ്യാപകന്റെ അടുത്തെത്തി. പ്രിയപ്പെട്ട മാഷ് അദ്ധ്യാപകവൃത്തി വിട്ടത് കഷ്ടമായിപ്പോയെന്ന് അവൾ തേങ്ങി. അഭിമാനത്തോടെ കവി അവളെ അഭിനന്ദിച്ചു.

> 'നിന്നുടെ മനസ്സിന്റെ
> തൂവെണ്മതാനല്ലോ നിൻ
> വാക്കിലും തെളിയുന്നു'

1976 - ൽ ആയിരുന്നു ഈ നിരീക്ഷണം. അതേ, ഇന്നിപ്പോൾ മനസ്സിലെ തൂവെണ്മ വാക്കിലും തെളിയുന്നു എന്നതാണ് സി. എ. വാരിയരുടെ കവിതയുടെ മുഖമുദ്ര.

എന്നോടുള്ള സ്നേഹവാത്സല്യങ്ങൾകൊണ്ടാണ് ഈ സമാഹാരത്തിന് അവതാരിക എഴുതാൻ അദ്ദേഹമെന്നോട് ആവശ്യപ്പെട്ടത് എന്നെനിക്കറിയാം. ആഹ്ലാദപൂർവം ഈ കാവ്യകുസുമങ്ങൾ സുമനസ്സുകളെ ഏല്പിക്കുന്നു.

കോട്ടയ്ക്കൽ

09.01.2017